# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3728** **27-06-2024 - ൽ മറുപടിയ്ക്ക്**

## മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ദിവസേന നടത്തുന്ന സർവ്വീസുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; | (എ) | മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ദിവസേന 28 ഷെഡ്യൂളുകൾ സർവീസ് നടത്തുന്നുണ്ട്. |
| (ബി) | ഡിപ്പോയിൽ നിലവിലുള്ള ബസുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ; | (ബി) | മൂന്നാർ ഡിപ്പോയിൽ 38 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 23 ഓർഡിനറി, 3 ഫാസ്റ്റ് പാസ്സഞ്ചർ, 3 സൂപ്പർ ഫാസ്റ്റ്, 3 സൂപ്പർ ഡീലക്സ്, 4 സ്വിഫ്റ്റ് സൂപ്പർ ഫാസ്റ്റ്, 2 സ്വിഫ്റ്റ് ഡീലക്സ് എന്നീ കാറ്റഗറി ബസ്സുകൾ ഉൾപ്പെടുന്നു. |
| (സി) | ദിവസ സർവ്വീസ് ആവശ്യങ്ങൾക്കുള്ള ബസുകൾക്ക് പുറമേ അധികം എത്ര ബസുകൾ ഉണ്ടെന്ന് അറിയിക്കാമോ; | (സി) | 28 സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 30 ബസ്സുകൾ ആവശ്യമാണ്. മൂന്നാർ ഡിപ്പോയിൽ 30 വെഹിക്കിൾ ഷെഡ്യൂൾ ആണ് നിലവിൽ ഉള്ളത്. പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 38 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മൂന്നാർ-സൈലന്റ്വാലി റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | സ്വീകരിച്ചിട്ടില്ല. സാധ്യത പരിശോധിച്ച് സർവീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; ഈ റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിച്ചിട്ടില്ല. സാധ്യത പരിശോധിച്ച് സർവീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ